# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4685 — 19-05-2017 ൽ മറുപടിക്ക്

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ യൂനിസെഫിന്റെ മാനദണ്ഡം അനുസരിച്ചുള്ള സൗകര്യങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ | | ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി. |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (എ) | വകുപ്പിനു കീഴിൽ ഒരു സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെ 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന് ISO സർട്ടിഫിക്കേഷൻ നേടൽ, സ്വന്തമായി വെബ്സൈറ്റ് രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വിദ്യാർത്ഥികളെ സമൂഹത്തിലെ ഉത്തമ പൗരൻമാരാക്കുക എന്ന ലക്ഷ്യത്തിലെത്തിക്കുന്നതിനും സമൂഹത്തിനു വേണ്ടി പ്രതിബദ്ധത സൃഷ്ടിക്കുന്നതിനുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിജയകരമായി നടന്നു വരുന്നു. ഈ അദ്ധ്യയന വർഷം മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ മാത്രമായി ഒരു സംസ്ഥാനതല ആർട്സ്-സ്പോർട്സ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | യൂനിസെഫിന്റെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവിടങ്ങളിൽ ഒരുക്കിയിട്ടുണ്ടോയെന്നു വിവരിക്കുമോ; | (ബി) | യൂനിസെഫിന്റെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സ്കൂളുകളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | | ഹോസ്റ്റലുകളിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടുക്കള ആധുനിക രീതിയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് മസ്കിറ്റോ നെറ്റ് ജനലുകളിലും വാതിലുകളിലും ഘടിപ്പിക്കുകയും, സ്കൂളിനോടും ഹോസ്റ്റലിനോടും ചേർന്നുള്ള സ്ഥലങ്ങളിൽ ജൈവപച്ചക്കറി തോട്ടം നിർമ്മിച്ച് വിഷരഹിത പച്ചക്കറി വിളവെടുത്ത് ഹോസ്റ്റലിലെ ആവശ്യത്തിന് ഉപയോഗിക്കുന്നുമുണ്ട്. കുട്ടികൾക്ക് ആവശ്യമുള്ള ബെഡുകൾ, ബെഡ്ഷീറ്റ്, തലയിണ മുതലായവ യഥാസമയങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഒരുക്കിയിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് യഥാസമയം തന്നെ ജില്ലാ ഓഫീസർ നടപടി സ്വീകരിക്കുന്നുണ്ട്. കുട്ടികളുടെ കായിക വിനോദത്തിനായി കളിസ്ഥലങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ